# അല്ലാഹു തൃപ്തിപ്പെട്ടവരുടെ നബിസ്നേഹം

കബീർ എം. പറളി

അല്ലാഹു തൃപ്തിപ്പെട്ടവരും അല്ലാഹുവിനെ തൃപ്തിപ്പെട്ടവരുമാണ് സച്ചരിതരായ സ്വഹാബികൾ. അവർ പ്രവചാക തിരുമേനി(ﷺ)യെ സർവതിനേക്കാളും സ്നേഹിച്ചു. നബി(ﷺ) പഠിപ്പിച്ചു നൽകിയ വിശ്വാസങ്ങളും ആരാധനകളും ജീവിതത്തിൽ പകർത്തിക്കൊണ്ടായിരുന്നു അവരുടെ പ്രവാചകസ്നേഹം. നബിസ്നേഹത്തിന്റെ പേരിൽ ഒരു വിഭാഗം മുസ്ലിംകൾ കാട്ടിക്കൂട്ടുന്ന ജന്മദിനാഘോഷ പരിപാടികൾ പ്രവാചകന്നോ, സ്വഹാബത്തിനോ, അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്നൊ പരിചയമില്ലാത്തതാണ്. അതുകൊണ്ടു തന്നെ അത് ബിദ്അത്തുമാണ്. നബിസ്നേഹത്തെ വിശദീകരിക്കുന്ന ഈയൊരു ലേഖനം അവരുടെ കണ്ണുതുറപ്പിച്ചെങ്കിൽ!!!

അല്ലാഹുവിന്റെ ഗ്രന്ഥം വിശദീകരിച്ചു നൽകാനും അതുവഴി മനുഷ്യ സമൂഹത്തെ ആമൂലാഗ്രം സംസ്കരിക്കാനും നിയോഗതിനായ മുഹമ്മദ് നബി(ﷺ) നിരന്തരം പിന്തുടരപ്പെടേണ്ട മഹാ വ്യക്തിത്വമാണ്. രാപകലുകൾ ഭേദമെന്യെ പ്രഭപകർന്ന് നിലകൊള്ളുന്ന ജീവിതചര്യയാണ് തിരുമേനി(ﷺ) യുടേത്. മുന്നിലിരുന്ന് കേട്ടും പിന്നിൽ നടന്ന് കണ്ടും പ്രവാചകന്റെ ജീവിത നിമിഷങ്ങളെ ഒന്നൊഴിയാതെ പകർത്തിയവരാണ് സ്വഹാബികൾ. അവരുടെ ജീവിതവും ലോകത്തിന് മാതൃക തന്നെ. പ്രവാചക തിരുമേനി(ﷺ) നമ്മോടതു പറഞ്ഞതാണ്. അല്ലാഹുവിന്റെ തൃപ്തി നേടിയവരായിരുന്നു അവർ. കാരണം അവർ അല്ലാഹുവിനെ തൃപ്തിപ്പെട്ടവരായിരുന്നു. ഖുർആനതു വ്യക്തമാക്കി:

والسابِقُونَ الأوَلُونَ من الْمهاجِرين والأنصارِ والذين اتبعوهم بإِحسان رضي اللّه عنهم ورضوا عنه وأعد لهم جنات تجري تحتها الأنهار خالدين فيها أبدا ذَلك الْفَوز الْعظيم

‘‘മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.’’ (തൗബ/100)

അല്ലാഹുവിന്റെ പ്രിയം നേടാൻ എന്താണൊ ഖുർആൻ നിർദ്ദേശിച്ചത് അക്കാര്യം ഏറ്റക്കുറച്ചിലുകളില്ലാതെ ജീവിതത്തിൽ പാലിച്ചു എന്നതാണ് പ്രവാചക സ്വഹാബത്തിന്റെ വിജയം. തങ്ങളുടെ ഹൃദയത്തിലാവാഹിച്ച വിശ്വാസവും അതിന്നനുസൃതമായ കർമ്മങ്ങളും ആരാണൊ തങ്ങൾക്കു പഠിപ്പിച്ചു തന്നത് ആ മഹാനായ ദൂതനെ അപ്പടി പകർത്താൻ അവർ തയ്യാറാവുകയായിരുന്നു. അവർക്കു വേണ്ടിയിരുന്നത് അല്ലാഹുവിന്റെ പ്രിയമായിരുന്നു. അവർ കൊതിച്ചിരുന്നത്,

ജീവിതത്തിൽ വന്നു ഭവിച്ച പാപങ്ങൾക്ക് മാപ്പു ലഭിച്ച് പരലോകത്ത് സ്വർഗ ഗ്രസ്ഥരാവുക എന്നതായിരുന്നു. അതിന്ന് സഹായകമായി അവർക്കു ലഭിച്ച ദൈവിക നിർദ്ദേശം കാണുക:

قُلْ إن كُنتم تحبونَ اللّه فَاتبِعونِي يحبِبكُم اللّه ويغفر لَكُم ذُنوبكُم واللّه غَفُور رحيم

''(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമത്രെ.'' (ആലു ഇംറാൻ/31)

ഇത്തിബാഉർറസൂൽ അഥവാ നബി(ﷺ)യെ കണിശമായി പിന്തുടരുക എന്നതാണ് തങ്ങ ളുടെ ജീവിതാഭിലാഷം സാർഥകമാകുന്നതിന് അനിവാര്യം എന്ന് സ്വഹാബത്ത് മനസ്സി ലാക്കി. അവർ അതനുസരിച്ചു പ്രവർത്തിച്ചു. തങ്ങളുടെ വക അവരൊന്നും കൂട്ടിയില്ല, പ്രവാചകൻ(ﷺ) പഠിപ്പിച്ചത് അല്പം അധികമായല്ലൊ എന്ന് കരുതി ഒന്നിലും കുറവു വരുത്തിയുമില്ല. എന്തു കൊണ്ടെന്നാൽ അല്ലാഹു അവരോടായി പറഞ്ഞു:

وما آتاكُم الرسولُ فَخذُوه وما نهاكُم عنه فَانتهوا واتقُوا الله

''നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.'' (ഹശ്ർ/7)

അല്ലാഹുവും അവന്റെ ദൂതനും പഠിപ്പിച്ച വിധം സ്വഹാബത്ത് പ്രവാചകനെ സ്നേഹിച്ചു. തിരുമേനിയുടെ ജീവിതം അനുകരിച്ചും, അവിടുത്തെ ആജ്ഞകൾ അനുസരിച്ചും ശരിയായ വിശ്വാസികളായി അവർ പരിലസിച്ചു. നബി(ﷺ)യുടെ ജീവിത കാലത്ത് അവരെങ്ങിനെയായിരുന്നുവോ, അതേപ്രകാരം തന്നെയായിരുന്നു തിരുമേനിയുടെ വിയോഗനന്തരവും. പൂർത്തീകരിക്കപ്പെട്ട വിശുദ്ധ ദീനിൽ ഇനി താത്പര്യാനുസൃതം വർദ്ധനവുണ്ടാക്കരുത് എന്ന നബിയുപദേശം അവർ മരണംവരെ കാത്തുസൂക്ഷിച്ചു. റസൂൽ പഠിപ്പിച്ചുതന്ന ദീനിൽ പുതിയൊരു വിശ്വാസം അല്ലെങ്കിൽ പുതിയൊരാചാരം പടച്ചുണ്ടാക്കുന്നുവെങ്കിൽ അത് പ്രവാചകനോടുള്ള ധിക്കാരമാണെന്നവർ മനസ്സിലാക്കി. ദീനുൽ ഇസ്‌ലാമിനെ പൂർണ്ണമായും വിശദീകരിച്ചു തരാതെയാണ് നബി(ﷺ) ഇഹലോകവാസം വെടിഞ്ഞത് എന്ന ഗുരുതരമായ ആരോപണത്തിലേക്കാണ് പുതിയ ആചാര-ആരാധനാ നിർമ്മാണത്തിലൂടെ കൊണ്ടെത്തിക്കുക. സ്വഹാബത്തിനതു താങ്ങാ നാവുന്നതല്ല അത്തരമൊരാരോപണം. പ്രവാചകൻ നിന്നിടത്ത് അവർ നിന്നു. അദ്ദേഹം പറഞ്ഞിടത്ത് കൂടി മാത്രം അവർ നടന്നു. അവരാരും തിരുമേനി (ﷺ) നിശ്ശബ്ദ പാലിച്ച കാര്യങ്ങൾക്കപ്പുറം ചെന്ന് നിയമം പറഞ്ഞില്ല. അങ്ങനെയാണവർ മഹാൻമാരായിത്തീർ ന്നത്. എന്റെ സുന്നത്ത് മുറുകെപ്പിടിക്കുക എന്ന് കൽപിച്ചതിനു പിറകെ, 'സച്ചരിതരും സന്മാർഗികളുമായ സ്വഹാബത്തിന്റെ സുന്നത്തും മുറുകെ പിടിക്കുക' എന്ന് നബി (ﷺ) കൽപിക്കാൻ മാത്രം അനുയോജ്യരാകും വിധം അങ്ങനെയാണവർ ഉയർന്നുവന്നത്.

പ്രവാചക സ്നേഹത്തിന്നുള്ള മികച്ച മാതൃകയാണ് സച്ചരിതരായ സ്വഹാബികൾ. അവരായിരുന്നല്ലൊ തിരുമേനി(ﷺ)യോട് ഏറ്റവും അടുത്തവർ. അവിടുന്നരുളിയ ഓരോ കർമ്മങ്ങളാലും, അവിടുത്തോടുള്ള അനുസരണങ്ങളാലുമായിരുന്നു നബി(ﷺ)യോടുള്ള

അവരുടെ സ്നേഹം മുഴുവൻ. പ്രകടനപരതയായിരുന്നില്ല അവരുടെ സ്നേഹത്തിന്റെ മർമ്മം. പ്രവാചകനോടുള്ള സ്നേഹപ്രകടനത്തിന് തിരുമേനിയുടെ ജന്മദിനമൊ, പ്രവാചകത്വ ദിനമൊ, വിവാഹദിനമൊ, യുദ്ധവിജയ ദിനമൊ ഒന്നും തന്നെ -വീട്ടിനു ള്ളിലോ വെളിയിലോ- അവർ ആഘോഷദിനമാക്കി കൊണ്ടാടിയില്ല. അതിന്നവർക്ക് ആഗ്രഹമില്ലാഞ്ഞിട്ടൊ, അവരുടെ കൈവശം പണമില്ലാഞ്ഞിട്ടോ ആകണമെന്നില്ല. അല്ലാഹുവിനേയും അന്ത്യനാളിനേയും ആഗ്രഹിക്കുന്നവർക്ക്, അല്ലാഹുവിന്റെ റസൂലിൽ ഉത്തമ മാതൃകയുണ്ട് എന്ന് ഖുർആനിൽനിന്ന് പഠിച്ച സ്വഹാബത്തിന്, അത്തര ത്തിലൊരു ആഘോഷമാതൃക തിരുമേനിയുടെ ജീവിതത്തിൽനിന്ന് കാണാൻ കഴിഞ്ഞില്ല. അതു കൊണ്ടാണത്. നബി(ﷺ) സ്വന്തം ജീവിതത്തിൽ നിന്ന് മാറ്റിവെച്ചത് അവരും മാറ്റിവെച്ചു. 'നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരി ക്കുക' എന്ന ഖുർആനിക കൽപനയോടുള്ള സ്വഹാബത്തിന്റെ കൂറായിരുന്നു അത്.

സ്വഹാബികളുടെ നന്മകളെ മുഴുവൻ അതേപടി പിന്തുടർന്ന താബിഉകളുടെയും തബഉത്താബിഉകളുടേയും ചരിത്രം മറ്റൊന്നല്ല. പ്രവാചക സുന്നത്തിനെ ജീവിതത്തിൽ പകർത്തിക്കൊണ്ടുള്ള കർമ്മനൈരന്തര്യമായിരുന്നു അവരുടേത്. വിശ്രുതരായ നാലു ഇമാമുകൾ; നബിചര്യയുടെ അകവും പുറവും പ്രാമാണികമായി വിശദീകരിക്കാനും വിശ്വാസികളുടെ ജീവിതത്തിൽ സുന്നത്തിന്റെ സജീവത നിലനിർത്താനും ഏറെ ത്യാഗങ്ങൾ സഹിച്ചവരാണവർ. അവർക്ക് പ്രവാചകനോടുണ്ടായിരുന്ന സ്നേഹത്തിന്റെ നിദർശനമായിരുന്നു ദീനീ മേഖലയിലെ അവരുടെ ത്യാഗങ്ങൾ. റസൂൽ പഠിപ്പിച്ചു നൽകിയ എത്രയോ ഇബാദാത്തുകൾക്ക് പ്രമാണങ്ങളിൽ നിന്ന് അവർ നിയമങ്ങൾ നിർദ്ധരിച്ചു നൽകി. അവയുടെ ശ്രേഷ്ഠതകളും പ്രതിഫലങ്ങളും കൃത്യമായി വേർ തിരിച്ചു നൽകി. പക്ഷെ, അവരുടെ ഒരൊറ്റ ഗ്രന്ഥത്തിലും പ്രവാചക സ്നേഹത്തിന്റെ ആഘോഷപരതയും, അതിന്റെ മതനിയമങ്ങളും, അവക്കുള്ള ശ്രേഷ്ഠതയും കുറിച്ചു വെച്ചില്ല. അവരെങ്ങിനെ കുറിക്കാനാണ്. പ്രവാചക തിരുമേനിയുടെ മഹിതജീവിതത്തിൽ നിന്ന് അതിന്നുള്ള എന്തെങ്കിലുമൊരു മാതൃക കണ്ടെങ്കിലല്ലെ അവർക്കതിന്നാകൂ. അതെ, അഇമ്മത്തുൽ അർബഅയുടെ നബിസ്നേഹത്തിന് കൊടിതോരണങ്ങളുടെ കൂതൂഹല മോ, പാത കയ്യടക്കിയ ജാഥകളുടെ കോലാഹലമോ, മൂക്കുതുളക്കുന്ന നെയ്ചോർ ബിരിയാണികളുടെ മസാലമണമോ ഉണ്ടായിരുന്നില്ല.

സുന്നത്തിനെ ആദരിക്കുന്ന അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പ്രാമാണികമായ നിലപാടിന്ന് കടക വിരുദ്ധമാണ് പ്രവാചകന്റെ ജന്മദിനം ആഘോഷമാക്കപ്പെടുക എന്നത്. ശരിയാണ്; അല്ലാഹുവിന്റെ ദൂതന്റെ ജന്മം ലോകജനതക്ക് അനുഗ്രഹം തന്നെയാണ്. തിരുമേനി ജന്മം കൊണ്ട ദിനം ആനന്ദം പകരുന്ന ആഘോഷദിനമായി കൊണ്ടാടാൻ വിശ്വാസികൾ കൊതിക്കുന്നതും സ്വാഭാവികം. പക്ഷെ, അത്തരമൊരാ ഘോഷം നിർമ്മിക്കാനും ആചരിക്കാനും നമുക്ക് വകുപ്പില്ലല്ലൊ? ദീനും ദീനിലെ ആചാ രങ്ങളും ഓരോരുത്തരുടേയും അഭിപ്രായത്തിനനുസരിച്ചായിരുന്നെങ്കിൽ നമുക്കങ്ങനെ പലതും കെട്ടിയുണ്ടാക്കി കൊട്ടിയാടാമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ദൂതൻ കർക്കശമായി പറഞ്ഞു:

ആയിഷ(رضي الله عنها) നിവേദനം. നബി(ﷺ) അരുളി: ''നമ്മുടെ ഈ ദീൻ കാര്യത്തിലില്ലാത്ത ഒന്ന് ആരെങ്കിലും പുതുതായുണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.'' (ബുഖാരി)

ഇർബാദ് ബ്നു സാരിയ നിവേദനം. നബി(ﷺ) അരുളി: ''നിങ്ങളുടെ പുത്തനാചാരങ്ങളെ കരുതിയിരിക്കുക. എല്ലാ പുത്തനാചാരവും ബിദ്അത്താണ്. ബിദ്അത്തു മുഴുവൻ വഴിപിഴവാണ്.''

ആയിഷ(ﷺ) നിവേദനം. നബി(ﷺ) അരുളി: ''നമ്മുടെ കൽപനയില്ലാത്ത ഏതൊരു പ്രവർത്തനം ആരനുഷ്ഠിച്ചാലും അത് നിരാകരിക്കപ്പെടേണ്ടതാണ്.'' (ബുഖാരി, മുസ്‌ലിം)

ഈ താക്കീതുകളൊന്നും പക്ഷെ, വലിയൊരു വിഭാഗം മുസ്‌ലിംകൾക്ക് ഇനിയും ബോധിച്ചിട്ടില്ല. പണ്ഡിതന്മാർ സത്യം ബോധ്യപ്പെടാൻ അനുവദിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. റബീഉൽഅവ്വൽ മാസം വന്നെത്തിയാൽ നബി ജന്മദിനാഘോഷമെന്ന അനാചാരത്തിന്റെ തിരക്കിലാണവർ. പള്ളിയും പാതയും തോരണങ്ങൾ തൂക്കിയും, ദഫ്ഫും ബാന്റും പാട്ടും കൊഴുപ്പു കൂട്ടിയും, ചോറും കാവയും ചീരണിയും ജനങ്ങൾക്ക് സമൃദ്ധമായി ഊട്ടിയും നബിയെ സ്നേഹിക്കുകയാണത്രെ! പ്രവാചകന്നറിയാത്ത നബി സ്നേഹം! ഖുലഫാഉർറാശിദുകൾക്കറിയാത്ത നബിസ്നേഹം! ഉൾകൃഷ്ട ജനതയായി നബി(ﷺ) പരിചയപ്പെടുത്തിയ മൂന്നു നൂറ്റാണ്ടിലെ സച്ചരിതർക്കുമറിയാത്ത നബിസ്നേഹം! അഇമ്മത്തുൽ അർബഅയിലെ ഒരാൾ പോലും ആചരിച്ചിട്ടില്ലാത്ത ആഘോഷം! അല്ലാഹുൽ മുസ്തആൻ.

നബിക്കും സ്വഹാബികൾക്കുമറിയാത്ത നബിസ്നേഹത്തെയും പ്രകടനത്തേയും പ്രമാണബദ്ധമായി വിമർശിച്ചാൽ ആഘോഷക്കാർ കാക്കകാരണവൻമാരിലേക്കും അല്പം ചില പണ്ഡിതന്മാരുടെ ഫത്‌വയിലേക്കും തിരിയും. നബിജന്മദിനാഘോഷം ബിദ്അത്താക്കിയാൽ അതിൽ പങ്കാളികളായ അവരെയൊക്കെ മുബ്തദിഉകളാണെന്ന് ആരോപിക്കലാവില്ലെ എന്ന് ചോദിക്കും. അങ്ങനെയൊക്കെ ആഘോഷിച്ച് ജീവിച്ച് മരിച്ചു പോയവർ നരകത്തിലാണൊ എന്ന് വികാരം കൊള്ളും. സത്യത്തിൽ, അവർ തങ്ങളുടെ അമലുകളുമായി അല്ലാഹുവിങ്കലെത്തിയെന്നും, അവരുടെ വിചാരണ നീതിയുക്തമായ നിലയിൽ പടച്ചവൻ നടത്തുമെന്നും ആരും ചിന്തിക്കുന്നില്ല. അവരുടെ കർമ്മങ്ങളെക്കുറിച്ച് നമ്മോടു ചോദിക്കുമൊ? ഇല്ല. നമ്മുടെ കർമ്മങ്ങളെപ്പറ്റി നമ്മോട് ചോദിക്കാതിരിക്കുമൊ? അതും ഇല്ല. അപ്പോൾ നമ്മുടെ കർമ്മങ്ങളെപ്പറ്റിയാണ് നാം വേവലാതിപ്പെടേണ്ടതും, അവ ഖുർആനിനും സുന്നത്തിനും അനുസരിച്ചുള്ളവ തന്നെയോ എന്ന് ചിന്തിക്കേണ്ടതും, ശരിപ്പെടുത്തേണ്ടതും.

അല്ലാഹുവിനെയും പ്രവാചകനേയും കേട്ടനുസരിക്കുക എന്നതായിരിക്കണം ഏതൊരു സത്യവിശ്വാസിയുടേയും സ്വഭാവം. അതിലാണ് വിജയം. അല്ലാഹു പറഞ്ഞു:

تلْك حدود اللّه ومن يطع اللّه ورسولَه يدخلْه جنات تجري من تحتها الأنهار خالدين فيها وذَلك الْفَوز الْعظيم

''ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.'' (നിസാഅ്: 13)